**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1096** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കുണ്ടേരിപ്പൊയിൽ കോട്ടയിൽ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിലെ കണ്ണവം, ശിവപുരം വില്ലേജുകളിലായി നിർമ്മിക്കാൻ പോകുന്ന കുണ്ടേരിപ്പൊയിൽ കോട്ടയിൽ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കുണ്ടേരിപൊയിൽ-കോട്ടയിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിശദ വിലവിവര പട്ടിക 6/12/2025 ന് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. നഷ്ട പരിഹാരം അനുവദിക്കുന്നതിനായി 1,33,38,993/ (ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തി എട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) അനുവദിക്കുന്ന മുറക്ക് RFCTLARR Act 2013 വകുപ്പ് 19(1) പ്രകാരമുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ, ഫണ്ട് അർത്ഥനാധികാരിയിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഭൂഉടമകൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**